പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 6362

08.07.2014-ൽ മറുപടിക്ക്.

## സംസ്ഥാനത്തെ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സ്റ്റേഷനുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ.പി.ജയരാജൻ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ആകെ എത്ര ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സ്റ്റേഷനുകളാണുള്ളത്; | : (എ) 106 എണ്ണം |
| (ബി) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിൽ ആകെ എത്ര ജീവനക്കാരാണുള്ളത്; | (ബി) 3135 ജീവനക്കാർ |
| (സി) നിലവിൽ വിവിധ തസ്തികകളിൽ ആകെ എത്ര ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കുമോ; | : സി) 1238 ഒഴിവുകൾ. ഈ ഒഴിവുകൾ പി.എസ്.സി, പ്രൊമോഷൻ, ബൈട്രാൻസ്ഫർ എന്നിവ മുഖേനയാണ് നികത്തുന്നത്. |

| | | |
| --- | --- | --- |
| 1. | അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ | 2 (1 പി.എസ്.സി മുഖേന, 1 പ്രൊമോഷൻ മുഖേന) |
| 2. | സ്റ്റേഷൻ ഓഫീസർ | 2 (പ്രൊമോഷൻ മുഖേന) പിഎസ്സി മുഖേന നികത്തേണ്ട 14 ഒഴിവുകൾ നിലവിലുണ്ടെങ്കിലും നിയമനം വൈകുന്ന സാഹചര്യത്തിൽ ഈ ഒഴിവുകളിൽ 14 പേരെ താത്ക്കാലികമായി പ്രൊമോട്ടു ചെയ്ത് ഒഴിവുകൾ നികത്തിയിട്ടുണ്ട്. |
| 3. | സ്റ്റേഷൻ ഓഫീസർ (മോട്ടോർ ട്രാൻസ്പോർട്ട്) | 1 (ബൈ ട്രാൻസ്ഫർ മുഖേന) |
| 4. | അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ | 4 (പ്രൊമോഷൻ മുഖേന) |
| 5. | ലീഡിംഗ് ഫയർമാൻ | 54 (പ്രൊമോഷൻ മുഖേന) |
| 6. | ഫയർമാൻ ഡ്രൈവർ കം-പമ്പ് ഓപ്പറേറ്റർ | 53 (പിഎസ്.സി മുഖേന) |
| 7. | ഡ്രൈവർ മെക്കാനിക്ക് | 6 (പ്രൊമോഷൻ മുഖേന) |
| 8. | ഫയർമാൻ | 1098 (പിഎസ്സി മുഖേന) |
| 9. | ജൂനിയർ സൂപ്രണ്ട് | 1 (പ്രൊമോഷൻ മുഖേന) |
| 10. | ക്ലാർക്ക് | 5 (പിഎസ്സി മുഖേന) |

| | | |
|---|---|---|
| 11. | ടൈപ്പിസ്റ്റ് | 2 (പി.എസ്.സി മുഖേന) |
| 12. | ഓഫീസ് അറ്റൻഡന്റ് | 2 (പി.എസ്.സി മുഖേന) |
| 13. | പാർട്ട് ടൈം സ്വീപ്പർ | 8 (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന) |

(ഡി) ഏതെല്ലാം തസ്തികകളിലേക്ക് പി.എസ്.സി ലിസ്റ്റ് നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

: (ഡി) **Fireman Driver cum Pump Operator** തസ്തികയ്ക്ക് **NCA (NCA-SC,ST,M, LC,V&OX)** വിജ്ഞാപന പ്രകാരമുള്ള റാങ്ക് ലിസ്റ്റ് 29.04.2014-ൽ നിലവിൽ വന്നു.

(ഇ) ഏതെല്ലാം ജില്ലകളിൽ പി.എസ്.സി ലിസ്റ്റ് നിലവിലുണ്ട്;

: (ഇ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിലേക്ക് സംസ്ഥാന തലത്തിലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്.

(എഫ്) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിലേയ്ക്ക് നിയമനം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളും ഇപ്പോൾ ഓരോ തസ്തികയിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഒഴിവുകളും വ്യക്തമാക്കാമോ?

: (എഫ്) ഒഴിവുകൾ യഥാസമയം പബ്ളിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തുവരുന്നു. അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ-1, സ്റ്റേഷൻ ഓഫീസർ -14, ഫയർമാൻ ഡ്രൈവർ കം-പമ്പ് ഓപ്പറേറ്റർ - 53, ഫയർമാൻ -1010, ക്ലാർക്ക് -1, ടൈപ്പിസ്റ്റ്-2, ഓഫീസ് അറ്റൻഡന്റ്-2 എന്നീ ഒഴിവുകൾ പബ്ളിക് സർവ്വീസ് കമ്മീഷനു റിപ്പോർട്ടു ചെയ്തിട്ടുണ്ട്. 14 സൂപ്പർ ന്യൂമററി തസ്തിക നിലനിൽക്കുന്നതിനാൽ ക്ലാർക്കുമാരുടെ 4 ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ഫയർമാൻ തസ്തികയിലെ ശേഷിക്കുന്ന ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ